## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 595

05.06.2018-ൽ മറുപടിക്ക്

### മുദ്രപത്രങ്ങൾക്ക് ക്ഷാമം

**ചോദ്യം**

**ശ്രീ.വി. കെ. സി. മമ്മത് കോയ**

**ഉത്തരം**

**ശ്രീ.റ്റി.എം.തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് കുറഞ്ഞ വിലയുള്ള മുദ്രപത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) അക്കാഡമിക് വർഷം ആരംഭിക്കുന്ന സമയത്ത്, മുദ്രപത്രങ്ങളുടെ ക്ഷാമം മൂലം, വിവിധ സർട്ടിഫിക്കറ്റുകളും മറ്റും ലഭിക്കുവാനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

ബി) മുദ്രപത്ര ക്ഷാമം ശ്രദ്ധയിൽപെട്ടപ്പോൾ തന്നെ കുറഞ്ഞ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറുകൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് ആവശ്യാനുസരണം നൽകി ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 50/-, 100/- രൂപ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജൂഡീഷ്യൽ മുദ്രപത്രങ്ങൾ 50/- രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും, 7 മുതൽ 10 വരെ മൂല്യമുള്ള നോൺ ജൂഡീഷ്യൽ മുദ്രപത്രങ്ങൾ 100/- രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും പുനർ മൂല്യനിർണ്ണയം ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ട്രഷറി / സ്റ്റാമ്പ് ഡിപ്പോകളിൽ പുനർ മൂല്യനിർണ്ണയം ചെയ്ത 50/- രൂപയുടെയും 100/- രൂപയുടെയും നോൺ ജൂഡീഷ്യൽ മുദ്രപത്രങ്ങൾ സബ്

ട്രഷറികൾക്കും, വെണ്ടർമാർക്കും വിതരണം ചെയ്തിട്ടുണ്ട്.

നിലവിൽ നാസിക്കിലെ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽ നിന്നും എത്തിച്ച മുദ്ര പത്രങ്ങളും സ്റ്റാമ്പുകളും ട്രഷറികൾക്ക് തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ മുഖേന വിതരണം ആരംഭിച്ചിട്ടുണ്ട്. ആയതി നാൽ ചെറിയ വിലയുള്ള മുദ്രപത്രങ്ങൾക്ക് ട്രഷറികളിൽ അനുഭവപ്പെടുന്ന ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

സി) ചെറിയ വിലയുള്ള മുദ്രപത്രങ്ങൾക്ക് ക്ഷാമം നേരിടാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരി ക്കുമോ എന്നറിയിക്കാമോ ?

സി) റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള തിരു വനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നുമാണ് ട്രഷറികൾക്ക് ആവശ്യമായ മുദ്ര പ്പത്രങ്ങളും സ്റ്റാമ്പുകളും വിതരണത്തിന് ലഭ്യ മാക്കുന്നത്. രജിസ്ട്രേഷൻ വകുപ്പിലെ ആധുനീ കവൽക്കരത്തിന്റെ ഭാഗമായി 2017 മെയ് മാസത്തോടുകൂടി ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പി ലാക്കുന്നതിന് സർക്കാർ തീരുമാനിച്ചതിനാൽ മുദ്രപത്രങ്ങൾ കൂടുതൽ വാങ്ങി സൂക്ഷിക്കേണ്ട ഉണ്ടോ എന്നതിൻ മേൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളുമായി ചർച്ച നടത്തുകയും, തുടർന്ന് ആദ്യ ഘട്ടത്തിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ചുമത്തേണ്ട ആധാരങ്ങളുടെ രജിസ്ട്രേ ഷനുമാത്രം ഇ-സ്റ്റാമ്പിംഗ് സംവിധാനം ഉപ യോഗപ്പെടുത്താമെന്ന് തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ഒരു ലക്ഷം

രൂപയ്ക്ക് താഴെ വില വരുന്ന മുദ്രപത്രങ്ങൾ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽ നിന്നും എത്തി ക്കേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ നാസിക്ക് ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽ ഇൻഡൻറ് ചെയ്യുതും അച്ചടി പൂർത്തിയാക്കിയിട്ടുള്ളതുമായ മുദ്രപത്ര ങ്ങൾ കൊണ്ടുവരുന്നതിന് അനുമതി ആവശ്യ പ്പെട്ടുകൊണ്ട് 08.02.2017 -ൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച്, 27.05.2017 ന് ആയതിനുള്ള അനുമതി നൽകുകയും ചെയ്തി ട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാസിക്കിൽ നിന്നും സ്റ്റാമ്പുകൾ കൊണ്ടുവരു ന്നതിന് ആവശ്യമായ സെക്യൂരിറ്റി, ട്രക്ക്, മുതലായവ ലഭ്യമാക്കി, സ്റ്റാമ്പുകൾ പ്രസ്സിൽ നിന്നും എത്തിച്ച് ട്രഷറികൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടിവന്ന സമയത്തിനു ള്ളിൽ, ചെറിയ ഡിനോമിനേഷനിലുള്ള സ്റ്റാമ്പുകളുടെ ക്ഷാമം സംസ്ഥാനത്ത് നേരിടുകയുണ്ടായി. കൂടാതെ വിവിധതരം എഗ്രിമെന്റുകൾക്കുള്ള ഫീസ് 200/- രൂപയാക്കിയത് 50/-, 100/- രൂപയുടെ മുദ്രപത്രങ്ങളുടെ ഉപയോഗം വർദ്ധിക്കാ നിടയാക്കുകയും ടി സ്റ്റാമ്പുകളുടെ സ്റ്റോക്ക് കുറയുന്നതിനും കാരണമായിട്ടുണ്ട്.

നിലവിൽ നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ നിന്നും എത്തിച്ച മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും ട്രഷറികൾക്ക് വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. ഈ നടപടി യിലൂടെ സംസ്ഥാനത്ത് അനുഭവപ്പെട്ടിരുന്ന മുദ്രപ്പത്രക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**